കുറ്റകൃത്യനിരക്ക് കുറയ്ക്കുന്നതിന് നടപടി

36 (747) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യനിരക്ക് ക്രമാനുഗതമായി കൂടുകയാണോ, അതോ കുറയുകയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റകൃത്യ നിരക്കുകളുടെ സ്ഥിതി വിവരക്കണക്കുകളിൽ ട്രാഫിക് നിയമലംഘനം പോലുള്ള ലാഘവകുറ്റങ്ങൾക്കും പെറ്റി കേസ്സുകൾക്കും കേസ് രജിസ്റ്റർ ചെയ്ത കണക്ക് ഉൾകൊള്ളിക്കാറുണ്ടോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു കൊല്ലക്കാലത്ത് രണ്ടോ അതിലധികമോ വർഷത്തെ കഠിനതടവ് ലഭിക്കാവുന്നതും വധശിഷ ലഭിക്കാവുന്നതുമായ എത്ര കുറ്റകൃത്യങ്ങൾ രജിസ്റ്റർചെയ്തു എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) അതേ കാലയളവിൽ എത്ര വധോദ്യമ കേസ്സുകളും കൊലപാതകകേസ്സുകളും ബലാൽസംഗ കേസ്സുകളും മോഷണകേസ്സുകളും രജിസ്റ്റർ ചെയ്യപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(ഇ) കൊലപാതകേസ്സുകളിൽ എത്രയെണ്ണത്തിൽ പ്രതികളെ കണ്ടെത്താനായിട്ടില്ലായെന്ന് വെളിപ്പെടുത്തുമോ;

(എഫ്) മോഷണകേസ്സുകളിൽ എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്താനായിട്ടില്ല;

(ജി) കഴിഞ്ഞ മൂന്നുകൊല്ലക്കാലത്ത് കൈക്കൂലി വാങ്ങിയതിന് എത്ര ഉദ്യോഗസ്ഥന്മാരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എച്ച്) സംസ്ഥാനത്തെ കുറ്റനിരക്കിനെക്കുറിച്ച് പഠിക്കുവാനും പരിഹാരം നിർദ്ദേശിക്കുവാനും ക്രിമിനോളജിസ്റ്റുകളും സോഷ്യോളജിസ്റ്റുകളുമടങ്ങിയ ഒരു വിദഗ്ദ്ധകമ്മീഷനെ ചുമതലപ്പെടത്തുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിക്കുകയല്ല; കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

(ബി) ഇല്ല.

(സി) 1,28,596 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി)

	1996	1997	1998
വധോദ്യമ കേസ്സുകൾ	444	448	475
കൊലപാതകകേസ്സുകൾ	417	446	423
ബലാൽസംഗകേസ്സുകൾ	387	579	564
മോഷണ കേസ്സുകൾ	8773	8577	8408

(ഇ) 80 കേസ്സുകളിൽ

(എഫ്) 14300

(ജി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇപ്പോൾ പരിഗണനയിലില്ല.

പോലീസ് ഡ്രൈവർമാരെ എസ്.ഐ ആക്കുന്ന നടപടി

37 (748) ശ്രീ. പിരപ്പൻകോട് മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിന്റെ ഡ്രൈവർമാരെ എസ്.ഐ.മാരായി പ്രമോട്ട് ചെയ്തിട്ട് എത്രനാളായി;

(ബി) ഡി.ജി.പി.യുടെ ശുപാർശയോടെ 48 പേരെ ഡ്രൈവർ എസ്. ഐ. മാരായി പ്രമോട്ട് ചെയ്യാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയി ലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ എവിടെവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1.12.99- ലാണ് അവസാനമായി പ്രമോട്ട് ചെയ്തത്.

(ബി) ഡ്രൈവർ എസ്.ഐ. മാരുടെ 150 തസ്തികകൾ കൂടി സൃഷ്ടി ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം പോലീസ് ഡയറക്ടർ ജനറ ലിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(സി) നിർദ്ദേശം പരിഗണനയിലാണ്.

പോലീസ് ട്രെയിനിംഗ് കാലയളവ് സർവ്വീസായി പരിഗണിക്കണ മെന്ന ആവശ്യം

38 (749) ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾമാരുടെ പ്രാഥമിക പരിശീലന കാലയളവ് സർവ്വിസായി പരിഗണിച്ച് അവർക്ക് ഗ്രേഡ് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ എന്നേയ്ക്ക് നൽകാൻ കഴിയു മെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(സി) മുകളിൽ കൊടുത്തിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly